Vol-II, N0.6
12-02- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാനവാർത്തകൾ**

01. കെ.ഇ.ആർ റിപ്പോർട്ട്: ന്യൂനപക്ഷാവകാശ ലംഘനം - കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ.
02. പരിഷ്കരണത്തിനു പിന്നിലും പകപോക്കൽ രാഷ്ട്രീയം.
03.കെ.ഇ.ആർ റിപ്പോർട്ട്: കടന്നുകയറ്റം-കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ.
04. അധ്യാപികമാർക്ക് ഇനി ചുരിദാറും ധരിക്കാം.
05. ജനങ്ങളെ സർക്കാർ നയിക്കുന്നത് മദ്യാസക്തിയിലേക്ക്.

**01. കെ.ഇ.ആർ റിപ്പോർട്ട്: ന്യൂനപക്ഷാവകാശ ലംഘനം-** കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ

കേരള വിദ്യാഭ്യാസമേഖലയ്ക്ക് ഏറ്റവും അധികം സംഭാവനകൾ നൽകി വരുന്ന ക്രൈസ്തവസഭയെ തകർക്കാനുള്ള ഒരു സംഘടിത ശ്രമം നടന്നുകൊണ്ടിരിക്കയാണ്. അതിന്റെ ഏറ്റവും അവസാനത്തെ നീക്കമാണ് കെ.ഇ.ആർ പരിഷ്കരണസമിതിയുടെ അന്തിമ റിപ്പോർട്ടിൽ കാണുവാൻ സാധിക്കുന്നത്. സമുദായങ്ങളെ ദുർബലപ്പെടുത്താനുള്ള ശക്തമായ ശ്രമവും നടന്നു കൊണ്ടിരിക്കുന്നു. ക്രൈസ്തവസഭയുടെ കെട്ടുറപ്പും സ്വാധീനവും തകർത്താൽ മാത്രമേ ചില സംഘടനകൾക്ക് കേരളത്തിൽ വേരോട്ടമുണ്ടാവു എന്ന് ചില പ്രത്യയശാസ്ത്രങ്ങൾ ചിന്തിക്കുന്നു. സഭ്യേതരമല്ലാത്തതും മതവിശ്വാസികൾക്ക് വേദനയുണ്ടാക്കുന്നതുമായ വാക്കുകൾ ഇത്തരക്കാർ ഉപയോഗിക്കുന്നു. സ്വന്തമായി ഒരു നേഴ്സറി സ്കൂൾ പോലും മാതൃകാപരമായി നടത്താൻ കഴിയാത്തവരാണ് ഇങ്ങനെ പറയുന്നത്.

കേരളത്തിന്റെ വികസനത്തിന്റെയും നേട്ടങ്ങളുടെയും അടിത്തറ ന്യൂനപക്ഷ സംഭാവനയാണ്. വീരോജ്ജ്വല ത്യാഗവും സമർപ്പണവും സഹിച്ച് പടുത്തുയർത്തിയ പ്രസ്ഥാനങ്ങളെ തകർക്കാൻ സാധ്യമല്ല. സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് കാരണമെന്ന് വരുത്തിതീർക്കുന്ന ശക്തമായ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഇതിനെതിരെ ശക്തമായ ബോധവൽക്കരണവും പ്രതിഷേധപരിപാടികളും ആവശ്യമാണ്.

05-02-2008-ന് സി.പി നായർ അദ്ധ്യക്ഷനായ പരിഷ്കരണസമിതി ബഹു. വിദ്യാഭ്യാസ മന്ത്രി എം.എ ബേബിക്ക് റിപ്പോർട്ട് സമർപ്പിച്ചു. കെ.ഇ.ആർ. കരടു രേഖ പുറത്തുവന്നപ്പോഴുണ്ടായ വിവാദപരമായ നിർദ്ദേശങ്ങൾ അതുപോലെതന്നെ അവതരിപ്പിക്കുന്നില്ലായെങ്കിലും അടിസ്ഥാനപരമായി റിപ്പോർട്ടിൽ വലിയ മാറ്റങ്ങളൊന്നുമില്ല. കെ.ഇ.ആർ. റിപ്പോർട്ടിന്റെ ഉദ്ദേശ്യം തന്നെ സ്വകാര്യമാനേജ്മെന്റുകൾക്ക് കൂച്ചുവിലങ്ങിടുകയെന്ന ലക്ഷ്യമാണ്. അല്ലാതെ വിദ്യാഭ്യാസവികസനത്തിന് ധാർമ്മികവും മൂല്യാധിഷ്ടിതവുമായ വിദ്യാഭ്യാസത്തിന് ഉതകുന്ന നിർദ്ദേശങ്ങളല്ല റിപ്പോർട്ടിലുള്ളത്. വിദ്യാഭ്യാസ മേഖലയിലെ ഇടതുപക്ഷ സർക്കാരിന്റെ ഹിഡൻ അജണ്ടയാണിത്.

കെ.ഇ.ആർ റിപ്പോർട്ട്: ജാഗ്രത പാലിക്കുക

- ❖ സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനം സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്ര ഏജൻസിയെ ഏൽപ്പിക്കാനുള്ള നീക്കം.
- ❖ സ്കൂളുകളിൽ ദൈവാരാധന പാടില്ല. സ്കൂളുകളിൽ ദൈവവചനം എഴുതുവാൻ പാടില്ല.
- ❖ സ്കൂൾ വളപ്പിൽ പള്ളിയോ പൊതു ആരാധനാ സ്ഥലമോ പാടില്ല.
- ❖ ജില്ലാ, പഞ്ചായത്ത്, മുനിസിപാലിറ്റി, കോർപറേഷൻ എന്നീ തലത്തിൽ സ്കൂൾ വികസന സമിതി തദ്ദേശ സ്ഥാപനങ്ങൾ ഏർപ്പെടുത്തണം.
- ❖ പ്രവേശനസമയത്ത് കുട്ടിയുടെ മതവും ജാതിയും രേഖപ്പെടുത്തൽ നിർബന്ധമില്ല.

**02. പരിഷ്കരണത്തിനു പിന്നിലും പകപോക്കൽ രാഷ്ട്രീയം** (ദീപിക 06-02-2008)

വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ സ്വാഗതാർഹമാണ്. എന്നാൽ ഗൂഢ ലക്ഷ്യങ്ങളോടെ ചില കാര്യങ്ങൾ നടപ്പാക്കാൻ കുറുക്കുവഴികൾ തേടുന്നതാണ് എല്ലാ ഇടതുപക്ഷ സർക്കാരുകളുടെയും കാലത്ത് കാണാറുള്ളത്. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇത്തരം ശ്രമങ്ങളുടെ ഒരു പരമ്പര തന്നെ കാണാനാവും. കേരള വിദ്യാഭ്യാസ ചട്ട പരിഷ്കരണ സമിതി തിങ്കളാഴ്ച വിദ്യാഭ്യാസ മന്ത്രി എം.എ ബേബിക്ക് കൈമാറിയ റിപ്പോർട്ട് പ്രത്യക്ഷത്തിൽ സദുദ്ദേശ്യപരമായ പല നിർദ്ദേശങ്ങളും അടങ്ങിയതാണെന്ന തോന്നൽ ഉണ്ടാക്കിക്കൊണ്ട് ഇടതുപക്ഷ സർക്കാരിന്റെ രഹസ്യ അജണ്ട നടപ്പാക്കിയിരിക്കുകയാണ്. സർക്കാരിന്റെ നയവും സർക്കാരിനെ നയിക്കുന്ന പാർട്ടിയുടെ നയവും സർക്കാർ നിയമിക്കുന്ന ഒരു പഠനസമിതി പാലിക്കേണ്ടതുണ്ടോ എന്ന ചോദ്യം കൂടി ഇവിടെ ഉയരുന്നുണ്ട്.

കെ.ഇ.ആർ പരിഷ്കരണസമിതി റപ്പോർട്ടിന്റെ ഉള്ളറകളിലൂടെ പോകുമ്പോൾ ഈ റിപ്പോർട്ട് ആർക്കു വേണ്ടി തയ്യാറാക്കി എന്നു വ്യക്തമാകും. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ ചരിത്രവും സാഹചര്യങ്ങളും മനസ്സിലാക്കാതെ ഇടതുപക്ഷ നയസമീപനങ്ങൾക്കനുസൃതമായി ഒരു റിപ്പോർട്ട് സമർപ്പിക്കാനാണോ സമിതിയെ ചുമതലപ്പെടുത്തിയിരുന്നതെന്ന് ആർക്കും ന്യായമായി സംശയമുണ്ടാവും. സ്വകാര്യ വിദ്യാഭ്യാസ മേഖലയാണ് ഇവിടുത്തെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന മുൻവിധിയാണോ പരിഷ്കരണ സമിതിയേയും നയിച്ചത്? അല്ലെങ്കിൽ പിന്നെ എന്തിനാണ് സ്വകാര്യ വിദ്യാഭ്യാസ മേഖലയെ സമ്മർദ്ദത്തിലാക്കാൻ ഇത്രയേറെ നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ കുത്തിനിറച്ചത്.

സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക നിയമനം ഒരു സ്വതന്ത്ര ഏജൻസിയെ ഏല്പിക്കണമെന്ന നിർദ്ദേശം കഴിഞ്ഞ കുറെ കാലമായി എസ്.എഫ്.ഐ ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉയർത്തുന്ന ആവശ്യമാണ്. അതിന് സി.പി. നായർ കമ്മിറ്റി റിപ്പോർട്ടിലൂടെ പച്ചക്കൊടി കാണിച്ചിരിക്കുന്നു. എന്നാൽ ഈ വിഷയം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താനുള്ള ന്യൂനപക്ഷങ്ങളുടെ ഭരണഘടനാ അവകാശങ്ങളുടെ കൂടി ഭാഗമാണെന്ന് മുൻ ചീഫ് സെക്രട്ടറി കൂടിയായ സമിതി ചെയർമാനും അംഗങ്ങൾക്കും അറിയാൻ പാടില്ലെന്നുണ്ടോ? കേരളത്തിലെ സ്വകാര്യ വിദ്യാലയങ്ങളിൽ നല്ലൊരു പങ്കും ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്നതാണെന്നും കേരളത്തിന്റെ വിദ്യാഭ്യാസ വികസനത്തിൽ ഈ വിദ്യാലയങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ എത്ര മഹത്തരമാണെന്നും അറിയാത്തവരൊന്നുമല്ല ഇവർ. മൂല്യബോധവും ഈശ്വരവിശ്വാസവും സാഹോദര്യവും സമഭാവനയും ഉള്ള ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ സ്കൂൾ വിദ്യാഭ്യാസമേഖലയ്ക്ക് ഉള്ള പങ്ക് സമിതി അംഗങ്ങൾ ഒട്ടും തന്നെ കണക്കിലെടുക്കാതിരുന്നത് അത്യന്തം ഖേദകരമെന്നല്ലാതെ എന്തു പറയാൻ.

സ്കൂളുകളിൽ ദൈവാരാധന പാടില്ല എന്ന നിർദ്ദേശം ലാഘവബുദ്ധിയോടെ കാണാൻ നമ്മുടെ സംസ്കാരവും പാരമ്പര്യവും എങ്ങിനെ അനുവദിക്കും? സ്കൂളിൽ പൊതു പ്രാർത്ഥന നടത്തുന്നതും പോലും പാടില്ല എന്ന നിർദ്ദേശം സ്കൂൾ കാമ്പസുകളെ ഈശ്വരചിന്തയിൽ നിന്നും അകറ്റുക എന്ന ഉദ്ദേശ്യത്തോടെയല്ലെങ്കിൽ പിന്നെ മറ്റെന്താണ്? സ്കൂൾ വളപ്പിൽ പള്ളിയോ പൊതു ആരാധനാ സ്ഥലമോ പാടില്ലെന്നാണ് മറ്റൊരു നിർദ്ദേശം. പള്ളിക്കൂടം എന്ന വാക്കുതന്നെ പള്ളിയുമായി ബന്ധപ്പെട്ടതാണ്.

ക്രൈസ്തവ മാനേജ്മെന്റുകളുയെ കീഴിലുള്ള ഒട്ടു മിക്ക സ്കൂളുകളും പള്ളി പരിസരത്താണ് സ്ഥിതി ചെയ്യുന്നത്. പള്ളിക്കു വേണ്ടി വിശ്വാസികൾ നൽകിയ സ്ഥലത്ത് സ്കൂൾ നടത്തി എല്ലാ സമുദായങ്ങൾക്കും വിശിഷ്യ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് അക്ഷരജ്ഞാനവും മൂല്യാധിഷ്ഠിത ജീവിതത്തിനുതകുന്ന ആശയങ്ങളും പകർന്ന് നൽകിയതിന് നൽകുന്ന ശിക്ഷയാണോ ഇത്? ചില ക്രൈസ്തവ വിദ്യാലയങ്ങളോടനുബന്ധിച്ച് പണ്ടു മുതൽ പ്രവർത്തിച്ചു വന്നിരുന്ന ചാപ്പലുകളുണ്ട്. നിരവധി അക്രൈസ്തവ വിദ്യാർത്ഥികൾ പോലും ഇവിടെ കയറി ഈശ്വര സാന്നിധ്യം അനുഭവിക്കുന്നത് ഇന്നും പലയിടങ്ങളിലും കാണാനാവും. അവരാരും മതം മാറുകയോ മൗലീകവാദികളാവുകയോ ചെയ്തിട്ടില്ല. മറിച്ച്, ഇന്നും ആ ഈശ്വരാഭിമുഖ്യത്തിന്റെ ചൈതന്യം പേറുന്നത് അഭിമാനത്തോടെ പറയുന്നവരാണ് പലരും.

സ്കൂളിന്റെ ചുറ്റു മതിലുകൾ പരസ്യത്തിനുപയോഗിക്കരുതെന്ന നിർദ്ദേശം നമ്മുടെ പല സർക്കാർ സ്കൂളുകളിലെയും ഭിത്തികൾ അലങ്കരിക്കുന്ന സിനിമാ പരസ്യങ്ങൾ ഒഴിവാക്കാനോ അതോ സദ്ഗ്രന്ഥങ്ങളിൽ നിന്നുള്ള സദ്‌വചനങ്ങൾ എഴുതുന്നത് ഒഴിവാക്കാനോ? ചെറിയ കാര്യങ്ങളെന്നു തോന്നുമെങ്കിലും ഇതിന്റെയെല്ലാം പിന്നിൽ വിദ്യാഭ്യാസ വികസനത്തിന്റെ സദുദ്ദേശ്യങ്ങളല്ല കാണാനാവുന്നത്. സ്വകാര്യ സ്കൂളുകളെ ഇല്ലായ്മ ചെയ്താൽ ഇവിടുത്തെ അടിസ്ഥാന വിദ്യാഭ്യാസ മേഖല നന്നാകുമെന്ന വിശ്വാസം പ്രത്യയശാസ്ത്ര മൗലികവാദം തലയ്ക്കുപിടിച്ച രാഷ്ട്രീയക്കാർക്കുണ്ടാകാം, എന്നാൽ വിദ്യാഭ്യാസ മേഖലയെ പാവനമായൊരു രംഗമായി കാണുന്നവർക്ക് അതിനാവില്ല. അതുകൊണ്ട് തന്നെ സ്കൂൾ വിദ്യാഭ്യാസ മേഖലയെ ഇത്തരം ചട്ടങ്ങളൊരുക്കി ഞെരുക്കി തോൽപിക്കാമെന്ന വ്യാമോഹവും ആർക്കും വേണ്ട.

### 03. കെ.ഇ.ആർ റിപ്പോർട്ട്: കടന്നു കയറ്റം കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ

(ദീപിക 06-08-2008)

കെ.ഇ.ആർ റിപ്പോർട്ട് സ്വകാര്യ മാനോജ്മെന്റുകളുടെ അവകാശത്തിൻമേലുള്ള സർക്കാരിന്റെ പിന്നിൽ നിന്നുള്ള കടന്നു കയറ്റമാണെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. കെ.ഇ.ആർ വിവാദപരാമർശങ്ങൾക്ക് ഇളവുകൾ നൽകിയെന്ന് പറയുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി മാറ്റമില്ല. അധ്യാപകനിയമനം പി.എസ്.സിക്ക് വിടില്ലായെന്ന് പറയുമ്പോഴും അധ്യാപകനിയമനം സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്ര ഏജൻസി നടത്തണമെന്ന ശുപാർശ, സ്വകാര്യ വിദ്യാഭ്യാസ മേഖല, സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനാണ്.

പഞ്ചായത്തുകളുടെ യാതൊരു ഇടപെടലും ഇല്ലായെന്ന് റിപ്പോർട്ടിലുണ്ടെങ്കിലും വിദ്യാഭ്യാസസമിതിയെ നിയമിക്കാനുള്ള നീക്കവും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ പഞ്ചായത്തുകൾക്ക് ഇടപെടാമെന്ന് പറയുന്നതും പഞ്ചായത്തുകളുടെ സ്വാധീനം ഉറപ്പുവരുത്താനുള്ള പഴുതുകളാണ്. ക്ലസ്റ്റർ ഹെഡ് എന്ന സങ്കൽപ്പം പൂർണ്ണമായും മാറ്റിയിട്ടില്ലെന്നും ഫാ. ജോണി ആരോപിച്ചു. പഞ്ചായത്തുതലത്തിൽ ക്ലസ്റ്റർ ഹെഡിനെ നിയമിക്കുമ്പോൾ അത് സ്വാഭാവികമായും ഗവൺമെന്റ് സ്കൂളിലെ ആളെയായിരിക്കും നിയമിക്കുന്നത്. മൂല്യാധിഷ്ടിത വിദ്യാഭ്യാസം നൽകുവാനോ ഗുണമേൻമയുള്ള അധ്യാപകരെ നിയമിക്കാനോ ഉപകരിക്കുകയില്ലെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി അഭിപ്രായപ്പെട്ടു.

### 04. അധ്യാപികമാർക്ക് ഇനി ചുരിദാറും ധരിക്കാം. (കേരള കൗമുദി 05-02-2008)

സംസ്ഥാനത്തെ സ്കൂൾ അധ്യാപികമാർക്ക് ചുരിദാറും സൽവാർ കമ്മീസും ധരിച്ച് ജോലിക്കെത്താം. പൊതു വിദ്യാഭ്യാസ വകുപ്പ് ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചു. അധ്യാപകപരിശീലന കേന്ദ്രങ്ങളടക്കമുള്ള വിദ്യാലയങ്ങളിലെ അധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും ഉത്തരവു ബാധകമാണ്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശമിങ്ങനെ: സാമൂഹിക വികസനത്തിനനുസരിച്ച് മാറ്റങ്ങൾ സ്വാഭാവികമാണ്.

മുണ്ടും ഷർട്ടുമായിരുന്നു കേരളീയ പുരുഷൻമാരുടെ വേഷം. എന്നാൽ കാലക്രമേണ പാന്റും ഷർട്ടും ഉപയോഗിക്കാൻ തുടങ്ങി. ഈ മാറ്റം അധ്യാപകരിലുമുണ്ടായി. അതിൽ അസ്വാഭാവികത ആരും ദർശിച്ചില്ല. അതുപോലെ മുണ്ടും വേഷ്ടിയും സാരിയും ബ്ലൗസുമൊക്കെയായിരുന്നു കേരളീയ സ്ത്രീകളുടെ വേഷം. അതിലും മാറ്റം വന്നു. ചുരിദാർ. സൽവാർ കമ്മീസ് എന്നിവയിപ്പോൾ സ്ത്രീകളുടെ സാധാരണ വസ്ത്രമായി മാറി. അതിനാൽ അധ്യാപികമാർക്ക് ഈ വസ്ത്രങ്ങൾ ഉപയോഗിക്കാം.

### 05. ജനങ്ങളെ സർക്കാർ നയിക്കുന്നത് മദ്യാസക്തിയിലേക്ക്: ജോഷ്വാ മാർ ഇഗ്നാത്തിയോസ്

(ദീപിക 07-02-2008)

ജനങ്ങളെ സർക്കാർ നയിക്കുന്നത് മദ്യാസക്തിയിലേക്കാണെന്ന് കെ.സി.ബി.സി വൈസ് പ്രസിഡന്റ് ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് ഏകദിന ഉപവാസധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ സർക്കാർ മാറി അധികാരത്തിൽ വരുമ്പോഴും കേരളത്തിൽ മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിക്കുന്നു. 1610 പുതിയ ഷാപ്പുകൾ കേരളത്തിലുണ്ട്. എന്ത് കള്ളാണ് ഇവിടെ നൽകുന്നത്, ഏത് തെങ്ങിൽ നിന്നാണ് ഇവ ശേഖരിക്കുന്നത്, ഇവയിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്നിവയെപ്പറ്റി വ്യക്തമായ ബോധ്യം നല്കാൻ സർക്കാരിനു കഴിയുന്നുണ്ടെങ്കിൽ ഉപവാസ ധർണ്ണയിൽ നിന്ന് പിൻമാറാൻ വരെ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു.

ജനങ്ങളെ മദ്യാസക്തരാക്കി സ്വത്തും ആരോഗ്യവും ബോധപൂർവ്വം കൊള്ളയടിക്കുകയാണ്. ഈ മദ്യനയത്തെ മാറ്റി നിർത്തുന്നതിന്റെ ഭാഗമായാണ് ക്രൈസ്തവരുടെ നോമ്പ് ആരംഭദിനം തന്നെ ധർണ്ണ സംഘടിപ്പിച്ചതെന്നും ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു. കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. അറിഞ്ഞുകൊണ്ട് തെറ്റുചെയ്യുന്ന സർക്കാരിന് അധികനാൾ നിൽക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. അബ്കാരികളുടെ പണമാണ് പാർട്ടിക്കാവശ്യം. ബിഷപ്പുമാരായ ഡോ. ജോസഫ് കാരിക്കശ്ശേരി, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവർക്ക് പുറമെ സംസ്ഥാന ഭാരവാഹികളായ ഫാ. പോൾ കാരാച്ചിറ, ഫാ. സെബാസ്റ്റ്യൻ വട്ടപ്പറമ്പിൽ, ഫാ. ജോർജ്ജ് നേരേവീട്ടിൽ. ഫാ. ആന്റണി അറക്കൽ, ഫാ. തോമസ് തൈത്തോട്ടം, ഫാ. ജോസ് കുറുപ്പൻതറയിൽ തുടങ്ങിയവർ ധർണ്ണയിൽ പങ്കെടുത്തു. എറണാകുളം മേനകാ ജംഗ്ഷനിൽ രാവിലെ പത്തിന് ആരംഭിച്ച ധർണ്ണ വൈകുന്നേരം നാലിന് സമാപിച്ചു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, പുതിയ മദ്യഷാപ്പുകൾ അനുവദിക്കാതിരിക്കുക, മദ്യാസക്തരുടെ എണ്ണം കുറയ്ക്കുക, വ്യാജക്കള്ള് നിർമ്മാണവും വിതരണവും നിർത്തലാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ച പ്ലക്കാർഡുകളുമായാണ് നൂറുകണക്കിനാളുകൾ ധർണ്ണയിൽ അണിനിരന്നത്.

കടുത്ത എതിർപ്പുമൂലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടായിരത്തിലേറെ കള്ളുഷാപ്പുകൾ പൂട്ടിയിരുന്നു. എൽ.ഡി.എഫ് വന്നതിനു ശേഷം 1610 കള്ളുഷാപ്പുകൾ പുനരാരംഭിച്ചു. മദ്യഷാപ്പ് വേണമോയെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം പഞ്ചായത്തുകൾക്ക് നൽകിയാൽ പലയിടവും മദ്യവർജ്ജനമേഖലയാക്കി മാറ്റാം. സംസ്ഥാനതല പരിപാടിയെത്തുടർന്ന് മലബാർ, തൃശൂർ, കോട്ടയം, എറണാകുളം, തിരുവനന്തപുരം, മേഖലകളിലേക്കും അതിരൂപതാ- രൂപതാ തലങ്ങളിലേയ്ക്കും സമരം വ്യാപിപ്പിക്കും.